# മാരിവില്ല്

## *(RAINBOW)*



ലിറ്റിൽ കൈറ്റ്സ് 2018-19

## ഗവ. എച്ച് എസ് അഴീയ്ക്കൽ

# ആമുഖം

അറിവിന്റെ ലോകത്തേക്കുള്ള ചിറകുവിരിക്കലാണ് വിദ്യാഭ്യാസം.
കളിച്ചും, ചിരിച്ചും നടക്കുന്ന ബാല്യകാലത്തിൽ കുഞ്ഞുമനസിൽ
ഇതൾ വിരിയുന്നഭാവനകൾകൈയെഴുത്ത് മാഗസിനുകളായി
മാറ്റാറുണ്ട്.കാലം മാറി വിദ്യാഭ്യാസം ഹൈടെക് ആകുമ്പോൾ
കൈയ്യെഴുത്ത് മാഗസിൻ ഡിജിറ്റൽ മാഗസിനുകളാക്കുന്നു
അഴീക്കൽ ഗവ.ഹൈസ്കൂളിലെ ഐ.റ്റി കൂട്ടായ്മ ഒരുക്കുന്ന ഡിജിറ്റൽ
മാഗസിനാണ് മാരിവില്ല്. ആദ്യസംരംഭമെന്ന നിലയിൽ
തെറ്റുകുറ്റങ്ങൾ കണ്ടേക്കാം. കുട്ടികളുടെ രചനകളും വരകളും
മാത്രം ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യാറാക്കിയ ഈ മാഗസിൻ
ഏവരുടെയും പ്രോത്സാഹനം പ്രതീക്ഷിച്ചുകൊണ്ട് കുട്ടികൾക്കായി
സമർപ്പിയ്ക്കുന്നു.

സ്നേഹപൂർവ്വം
എഡിറ്റർ



പ്രിയപ്പെട്ട കുട്ടികളെ,

കാലം മാറുകയാണ് ലോകത്തെ വീട്ടിലെ ഒരു മുറിയിൽ എത്തിക്കത്തക്ക തരത്തിൽ വിവരസാങ്കേതിക വിദ്യ വളർന്നു കഴിഞ്ഞു. സ്കൂൾ കുട്ടികളെ IT മേഖലയിൽ പ്രഗല്ഭരാക്കുന്നതിന് kite- ന്റെ മേൽനോട്ടത്തിൽ ആരംഭവിച്ച Little kites എന്ന IT കൂട്ടായ്മയുടെ പ്രവർത്തനം ശ്ലാഘനീയമാണ്. കുട്ടികൾ ഒരുക്കുന്ന 'മാരിവില്ല്' എന്ന മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

ഹെഡ് മിസ്ട്രസ്

തങ്കമണി.ജെ

## ഉള്ളടക്കം

അമ്മ.....5
അമ്മത്തൊട്ടിൽ-റഫീക്ക്അഹമ്മദ്.....6
ഓണം.....8
കേരളത്തിന്റെ കാശ്മീരിലേക്ക് ഒരു യാത്ര.....9
എൻ പ്രാണൻ.....13
ആദിയയും കുട്ടി ഭൂതവും.....14
ഓണം വന്നേ!.....16
കാലത്തിന്റെ മാറ്റം.....17
കാലത്തിന്റെ ഓർമ്മകൾ.....19
.....19
ഞാൻ ഓർക്കുന്ന എൻ ജീവിതത്തിന്റെ.....19
സുഗന്ധമുള്ള യാത്രാ ഓർമ്മകൾ.....20
സ്നേഹ ഭൂമി.....22
ചിത്രശലഭം.....24
ഓർമകളുടെ സുഗന്ധം.....25
സ്വപ്നം.....27
കളിവീട്.....29
ക്ലൺ.....31
31.....31
തത്തമ്മ.....32
സ്ത്രീജന്മം.....33
സ്നേഹം.....35
കളിക്കൂട്ടുകാരി.....36
തീപ്പെട്ടി.....37
പൂവും പൂമ്പാറ്റയും.....38
കവിത.....39
പ്രഭാതം.....39
മികവിലൂടെ.....41

# അമ്മ



"അമ്മ" എന്ന രണ്ടക്ഷരമല്ല
നമ്മിൽ തെളിയുന്ന
ദീപമാണമ്മ
അറിവിന്റെ ആദ്യാക്ഷരം
ചെഞ്ചുണ്ടിൽ
കുറിയ്ക്കുന്ന ആദ്യമായ് അമ്മ.

കോവിലിൽ സ്വാമിയെ കണ്ടുതൊഴാനും
ആഗ്രഹം ചൊല്ലി നിറവേറ്റുവാനും
ആത്മർത്ഥമായി പ്രാർത്ഥിയ്ക്കുവാനും
എന്നെ പഠിപ്പിച്ചു അമ്മ

അമ്പിളി മാമനെ കണ്ടു നിൽക്കുമ്പോൾ
ഉണ്ണുവാൻ വിണ്ണുന്ന ഉണ്ണിയാമെന്നെ
ഏറെ പണിപ്പെട്ടു നൽകുമമ്മ
നല്ല പൊന്നരിച്ചോറിന്റെ രണ്ടുരുള



എൻ മുഖം വാടിയാൽ ആ മനം തേങ്ങും
ഞാൻ ചിരിച്ചാലോ ഉയരും ആ
ഉള്ളിൽ പൊൻതിരമാലകൾ ചിന്നിതെറിക്കുംപോൽ
സന്തോഷമാകുന്ന പൊന്നോളങ്ങൾ

ജിജോമോൻ



ആസ്വാദനം

# അമ്മത്തൊട്ടിൽ-റഫീക്ക്അഹമ്മദ്

ശ്രീ റഫീക്ക് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന കവിതയിൽ മാതൃപിതൃസ്നേഹത്തിന്റ ബന്ധത്തെക്കുറിച്ചാണ് പറയുന്നത് .ഒരു മകൻ തന്റ അമ്മയെ ഉപേക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുപോകുന്നതാണ് കവിയുടെ പശ്ചാതലം. ഭര്യയുടെ നിർബന്ധംനിമിത്തമാണ് അയാൾ ഈ ക്രൂരപ്രവൃത്തിയ്ക്ക്മുതിരുന്നത്. അമ്മയെ കൊണ്ടവന്ന് കാറിന്റ പിൻസീറ്റിലിരുത്തുന്നു ഒരു പക്വെ എന്റെ മകൻ എന്നെ കളയാൻ  കൊണ്ടുപോകുകയാണ് എന്ന് അമ്മയ്ക്ക്അറിയാമായിരുന്നത് കൊണ്ടോ അല്ലെങ്കിൽ എന്റെ മകൻ എന്നെഒരിക്കലും ഉപേക്ഷിക്കല്ലാ എന്ന ഉറച്ചവിശ്വാസമുള്ളതുകൊണ്ടോ ആഅമ്മ, എവിടേക്കാണ് എന്ന ചോദിച്ചില്ല. മങ്ങിപ്പഴകിയ കണ്ണുകളിൽകണ്ണുകളിൽ പീളയും പാടയും നിറഞ്ഞിരിക്കുന്നു. ഉപയോഗശൂന്യമായആ കണ്ണുകളുമായി അവൾ സീറ്റൽ ചരിഞ്ഞിരിക്കുകയാണ്.ആദ്യംവലിയൊരു മാളിന്റെ അടുത്തേക്കാണ് പോയത്. പക്ഷേ അവിടെ ആ തൊരുവിൽ ഒരു തൊവുനായ പെറ്റുകിടക്കുന്നു. മനുഷ്യവർഗത്തിൽ നിന്നും ചോർന്നു പോയിക്കൊണ്ടിരിക്കുന്ന പലതും ഇന്നുംമിണ്ടാപ്രാണികളിൽനിന്നും ആ മകൻ കാണുകയാണ്. ജില്ലാശുപത്രിയിൽ ചെന്നപ്പോൾ അവിടെ അദ്ദേഹത്തിന്റെ ഓർമകൾ അദ്ദേഹത്തെ വേട്ടയാടുന്നു. പണ്ട്പനിച്ചപ്പോൾ അമ്മ എടുത്തുകൊണ്ട് ആശുപത്രിയുടെ പടികളിലോരോന്നും ചാടിക്കറിയതും. അദ്ദേഹത്തിന്റെ മനസിൽ പെയ്തിറങ്ങി, പിന്നീട് എത്തിയത് അദ്ദേഹം പഠിച്ചിരുന്ന വിദ്യാലത്തിലാണ്. പക്ഷേ അവിടെയും ഓർമ്മകൾ അദ്ദേഹത്തെ പിന്തിരിപ്പിച്ചു. ഇനി എങ്ങോട്ടു പോകും എന്നറിയാതെ ചിന്തമരവിച്ച് നിന്നപ്പോഴാണ് അദ്ദേഹത്തിന് ഓർമ്മവന്നത്. വാർദ്ധക്യത്തിലും അമ്മ എന്നും പറയുമായിരുന്നു. എന്നെ ഒന്ന് അമ്പലത്തിൽ കൊണ്ട് പോകണമെന്ന് അന്ന് അയാൾക്ക് ശല്യമായി തോന്നിയെങ്കിലും ഇന്ന് അത് ഒരു ഉപകാരമായിതിർന്നിരിക്കുന്നു. അമ്പലത്തിന്റെ പുറത്ത് ആരോ ഒരാൾ



അശാന്തനായി നിൽക്കുന്നത് അയാൾ കണ്ടു.ഈശ്വരൻ കാറ്റുകൊള്ളാൻ

ഇറങ്ങിയതാവാം എന്ന് അദ്ദേഹം കരുതി. രാത്രിയിൽ അയാൾ കാറിന്റെ ചില്ല് ഉയർത്തിയപ്പോൾ ഒർത്തു കരിമ്പടംപുതച്ചിരിക്കുന്ന അമ്മയുടെവയറ്റത്ത് പറ്റിപിടിച്ചിരിക്കുമ്പോഴുള്ള  ചൂട് കാച്ചിയെണ്ണയുടെ ഗന്ധവും കുടിലിൽ ഓലകൾ എരിയുന്ന മണവും അങ്ങനെ പലതും.ഒന്നിനുംകൊള്ളാത്തവൻ എന്ന ഭാര്യയുടെ കുറ്റപ്പെടുത്തൽ ഇനിയും കേട്ടാലും വേണ്ടിയില്ല അമ്മയെ കളയാൻ വയ്യ. പുകഞ്ഞെരിയുന്ന തലമുടിയുമായി  അയൾ പുറകിലെക്ക് നോക്കിയാപ്പോൾ ഇപ്പോഴും അങ്ങനെ ചരിഞ്ഞുതന്നെ ഇരിക്കുകയാണ് മങ്ങിയ കണ്ണുകൾ എന്തിനാണ് ഇപ്പോഴും കണ്ണുകൾ അടയ്ക്കാതെ അമ്മ  വച്ചിരിക്കുന്നത്. എന്നാൽ അയാളുടെമുന്നിൽ ഒരു ചോദ്യം ആകുകയാണ്.

വൃദ്ധസദനങ്ങൾ പെരുകുന്ന ഈ വേളയിൽ അമ്മത്തൊട്ടിൽ എന്ന ഈ കവിത ഏറെ പ്രശക്തി അർഹിക്കുന്നു. വാർധക്യത്തെ തിരിഞ്ഞ് നോക്കാൻ പോലുമുള്ള സന്മനസ് കാണിക്കാത്തവർ തീർച്ചയായും ഈ കവിത ആസ്വദിക്കണം കാരണം വൃദ്ധജനങ്ങളോടുള്ള സമീപനം ശരിയായ ദിശയിലേക്ക് നയിക്കാൻഈ കവിതയ്ക്ക് തീർച്ചയായും സാധിക്കും.




ഇളജോസ്   3-1-2018



കവിത

# ഓണം




ഓണക്കാലം വന്നെത്തി
ഓണപ്പൂക്കൾ വിരിഞ്ഞെത്തി
ഓണത്തുമ്പി വിരുന്നെത്തി
ഓണത്തുമ്പ വിടർന്നെത്തി

അത്തപ്പൂക്കളമുണ്ടാക്കൻ
പൂലിക്കളിക്കും ബാലൻമാർ
സന്തോഷത്തോടെപ്പോഴും
ഓണക്കളികൾ കളിക്കുന്നു




നിരഞ്ജന





ജി.എച്ച്.എസ് അഴീക്കൽ





അർച്ചന.എസ്

യാത്രാവിവരണം

# കേരളത്തിന്റെ കാശ്മീരിലേക്ക് ഒരു യാത്ര

പ്രകൃതിയുടെ അകൃത്രിമസൗന്ദര്യം കാണണമെങ്കിൽ കേരളത്തിലെത്തണം എന്നാണ് പല വിദേശസഞ്ചാരികളും പറയുന്നത് . ഇന്ത്യ എന്ന മഹാരാജ്യത്തിൽ പ്രകൃതിദേവത കനിഞ്ഞനുഗ്രഹിച്ച രണ്ടു ദേശങ്ങളാണ് കാശ്മീരും കേരളവും. ഭൂമിയിലെ സ്വർഗമാണ്കാശ്മീരെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം.

ഞാൻ കേരളത്തിലെയും അയൽ സംസ്ഥാനങ്ങളിലേയും ഏറെക്കുറേ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പോയിട്ടുണ്ട്. മൈസൂർ, ഊട്ടി, കൊടൈക്കനാൽ, വയനാട്, കോവളം, കന്യാകുമാരി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എനിക്ക് ഏറെ ഇഷ്ടമായതും ,മനംകുളിർപ്പിക്കുന്നതും വൈവിധ്യമാർന്ന കാഴ്ചകൾ എന്റെ കരളിനും കണ്ണിനും സമ്മാനിച്ചതും മൂന്നാറാണ്. ഓരോ യാത്രയ്ക്കിടയിലും പ്ലാൻ ചെയ്യും, മൂന്നാർ ട്രിപ് . പക്ഷേ തടസ്സങ്ങൾ കാരണം നിശ്ചയിച്ച തീയതികളിൽ പോകാൻ സാധിച്ചിട്ടില്ല. ഒടുവിൽ അച്ഛൻ ഉൾപ്പെടെ 5 പേർ അടങ്ങുന്ന Friendship Group തൊരഞ്ഞെടുത്തു- ഒക്ടോബർ 9 മുന്നാറിലേക്ക്. അങ്ങനെ മൂന്നാറ എന്ന സ്വപ്നം



സാഫല്യമായതിന്റെ സന്തോഷത്തിൽ പൂജവയ്പിന്റെ അവധിയിൽ ഞങ്ങൾ

കേരളത്തിന്റെ കാശ്മീരിലെക്ക് പുറപ്പെട്ടു.

ഒക്ടോബർ 9 രാവിലെ 5 മണിക്ക് ഞങ്ങൾ 5 കുടുംബവും ട്രാവലറിലെക്ക് യാത്രതിരിച്ചു. ഹോട്ടലുകളിൽ ഇറങ്ങി സമയം പാഴാക്കാതിരിക്കുവാൻ പ്രാതലും ഉച്ചഭക്ഷവും , ഞങ്ങൾ കരുതി . കോട്ടയം - കോതമംഗലം റൂട്ടുവഴിയാണ് ഞങ്ങൾ പോയത്. ഏതാണ്ട് ഉച്ചയോടടുത്ത് മൂന്നാറിലെത്തി. മൂന്നാറിന്റെ മടിത്തട്ടിൽ വിശാലമായി ഭക്ഷണവും കഴിച്ച്, പ്രകൃതിയുടെയും ഞങ്ങളുടെയും ഫോട്ടോസ് എടുത്ത് മൂന്നാറിലേക്ക് കടക്കുമ്പോഴുള്ള നേരിയ തണുപ്പും മഞ്ഞു മഴയും കടന്ന് മൂന്നാറിന്റെ മനംകോച്ചും തണുപ്പിലേക്ക് യാത്ര തുടർന്നു. pooja holy day ആയതിനാൽ ഞങ്ങൾ പലപ്രാവശ്യം ഗതാഗത കുരുക്കിൽഅകപ്പെട്ടു. ഏകദേശം നാലുമണിക്ക് മട്ടുപാടി ഡാമിലെത്തി. ഡാമിന്റെ പ്രവേശനഭാഗത്ത് ധാരാളം കച്ചവടക്കാർ ഉണ്ടായിരുന്നു.ഐസ്ക്രീം,ചോളം,തൊപ്പി.............അങ്ങനെ ഞങ്ങൾക്കെല്ലാവർക്കും ഇഷ്ടമായത് പല വർണങ്ങളിലുള്ളതൊപ്പിയാണ്. ഞങ്ങൾ 13 പേർ അതുവാങ്ങി. ഒന്നിന് 20 രൂപ. ആകെ 260 രൂപയായി പക്ഷേ ആ കച്ചവടക്കരൻ രണ്ട് തൊപ്പിയുടെ വില കുറച്ച് തന്നു. അവിടെ വെച്ച് ഫോട്ടോസ് എടുത്ത് ഡാമിലൂടെ നടന്നു.നേരം മയങ്ങും തോറും തണുപ്പ് ശക്തിപ്രാപിച്ചുവന്നു. സെറ്റർ ബസിലയതിനാൽ തണുപ്പാസ്വദിച്ചു നടന്നു. ഡാം കടന്ന് അകത്തേക്കു ചെന്നപ്പോൾ റോഡിന്റെ ഇരു വശവും കച്ചവടക്കാരുടെ ബഹളമാണ്. അവിട് നിന്ന് കുറച്ച് സാധനങ്ങളും വാങ്ങി,പ്രത്യകിച്ച്ഹോം മേഡ് ചോക്ലേറ്റും വാങ്ങി ഞങ്ങൾ തിരിച്ചു. നീണ്ടു കിടക്കുന്ന ഗതാഗതക്കുരുക്ക്. ലോറിയും കാറും ബസും ബൈക്കും അങ്ങനെ നീളുന്ന നിര ഒരു വശത്ത്, മറുവശത്ത് കാറിൽ ഞങ്ങളെ കടന്നുപോകുന്ന ജില്ലാ കളക്ടർ ,I.A.S ആകണമെന്നുറപ്പിച്ച എന്നെ സംബന്ധിച്ച് അത് ആവേശപ്പെടുത്തുന്ന ഒന്നായിരുന്നു.

രത്രി 9 മണിയായപ്പോൾ ഞങ്ങൾ താമസസ്ഥലത്തെത്തി. ഞങ്ങളുടെ കൂട്ടത്തിലെ രതീഷ് അങ്കിളിന്റെ ഒരു പരിചയക്കാരനായ വർഗീസ് അങ്കിളിന്റെ വീടായിരുന്നു അത് . ഒരു gust house. പൂക്കളുടെ നടുവിൽ ഒരു വീട് . ആരാണ് അത് ആഗ്രഹിക്കാത്തത് അതുപോലൊരു വീട്. പക്ഷേ പൂക്കൾക്ക് പകരം ഏലം അത്രമാത്രം. പൂക്കളെക്കാൾ മനം കവരുന്ന സുഗന്ധം .3 കിടപ്പുമുറിയും 3 കുളുമുറിയും ഒരടുക്കളയും. ഹാളും വരാന്തയും ബാൽക്കണിയും,ഒറ്റനോട്ടത്തിൽ ഒരു കൊട്ടാരം. ഏലത്തോട്ടത്തിനു നടുവിൽ നിൽക്കുന്ന ഒരുകൊട്ടാരം. തണുപ്പിനെ അതിജീവിക്കാൻ സെറ്റർ ധരിച്ച് ഏലത്തിന്റെ സുഗന്ധവും ആസ്വദിച്ച് ഞങ്ങളുറങ്ങി . രാവിലെ



കുളികഴിഞ്ഞ് പുറത്തിറങ്ങിയപ്പോഴാണ് ആ വീടിന്റെ ഭംഗി ഞാൻ ശരിക്കും

മനസിലാക്കിയത്. വിളഞ്ഞെങ്കിലും പാകമാകാതെ , നിറയെ പൂത്തുകിടക്കുന്ന ഏലം, അതിനിടയിൽ നാരകം , അതിൽ കായ്കളും ഉണ്ട്. യാത്രതിരിക്കുന്നതിനു മുൻപായി ഏലത്തോട്ടത്തിനു നടുവിൽ നിന്ന് ഫോട്ടോസെടുത്തു . ബസിൽ ലോഡ് കൂടുതലാ-യാൽ മലമുകളിലേക്ക് കയറാൻ സാധിക്കില്ല. അതിനാൽ ഡ്രൈവർ അങ്കിളും സ്ത്രീകളും മലമുകളിലെ പ്രധാനറോഡിലെത്തി ഞങ്ങളെ കാത്തു നിന്നു. ഞങ്ങൾകുട്ടികൾ അച്ഛനോടൊപ്പം മുകളിലേക്ക് നടന്നാണ് പോയത് . മുകളിലേക്ക് നടക്കും തോറും തെയിലതോട്ടമാണ്  ആ വേളയിൽ ഞങ്ങളും തെയിലത്തൊഴിലാളികളായി മാറി! ഫോട്ടോയെടുക്കാൻവേണ്ടി മാത്രം. എല്ലാം കഴിഞ്ഞ് ബസിൽ കയറി ഞങ്ങൾ മറയൂർ ചന്ദനവനത്തിലേക്ക് പോയി. മറയൂരടുക്കുമ്പോൾ തണുപ്പിന്റെ കാഠിന്യം കുറഞ്ഞിരുന്നു. അവിടുത്തെ കാറ്റിൽ പോലും തേയിലയുട ഗന്ധംഉണ്ടായിരുന്നു.മൂന്നാറിന്റെശ്യാസത്തിൽ പോലും തേയിലയുടെ ഗന്ധമുണ്ടെന്ന് ഞാൻ കേട്ടത് ആ സന്ദർഭത്തിൽ ഓർത്തുപോയി മറയൂരിലേക്ക് പോകുന്നവഴി എത്രയെത്ര മലകൾ. ഒന്നിൽ കോടമഞ്ഞാണെങ്കിൽ മറ്റൊന്നിൽസൂര്യകിരണങ്ങൾഅതിശക്തിയായിപതിഞ്ഞിരിക്കുന്നു. തികച്ചുംഅത്ഭുതകരമായ കാഴ്ചയായിരുന്നു അത്. പ്രകൃതിയുകൈകൾക്ക് ഇത്രയേറെ അത്ഭുത ശക്തിയുണ്ടെന്ന് എനിക്കിന്നാണ് മനസിലായത്.

മലമുകളറ്റം വരെ ചിട്ടയായി ഒരു ചിത്രം എന്ന പോലെതേയിലച്ചെടി തട്ടുതട്ടായി നട്ടിരിക്കുന്നു . ഞങ്ങൾ നിൽക്കുന്നമലയേക്കാൾ ചെറിയമലയെ നോക്കുമ്പോൾ എനിക്കോർമവരുന്നത് ജ്യോഗ്രഫിയാണ് - കൊണ്ടൂർരേഖ. മറയൂരിലെത്തുന്നതിന് മുമ്പ്  ഞങ്ങൾ ഇരവികുളത്തെത്തി. വരയാടിനെ കണ്ടതിനു ശേശമാണ് മറയുർ ചന്ദനവനത്തിലെത്തിയത്. ചന്ദനമരത്തിൽ മുള്ള്കമ്പി ചുറ്റിയിരുന്നു. കലമാനേയും കണ്ട്നേരെ കാന്തല്ലൂരിലേക്ക് തിരിച്ചു. പക്ഷേ അവിടെ ഞങ്ങൾക്ക് ഒരു പാളിച്ചപറ്റി. ഓറഞ്ചിന്റെയും ആപ്പിളിന്റെയും സീസൺ കഴിഞ്ഞതുകൊണ്ട് അരതിന്റെ മരം മാത്രമേ കാണാൻ സധിച്ചുള്ളു. കാന്തലൂർ മൂന്നാറിന്റെ ഭാഗമാണെന്ന് തോനിയതേ ഇല്ല . കാരണം നല്ല ചൂടായിരുന്നു. അവസാനമായി ഞങ്ങൾ എത്തിയത് തേക്കടിയിലായിരുന്നു.തേക്കടിയിലെ ജലാശയം മനം കുളിർപ്പിക്കുന്നതാണ് . തേക്കടിതടാകത്തിൽ ആനകൾ നീന്താനിറങ്ങുന്ന കാഴ്ച

നയനാനന്ദകരമാണ്.എല്ലാ കാഴ്ച്ചകളും കണ്ട് ഞങ്ങൾ ഇന്നേവരെ കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്തവരുടെ എസ്റ്റേറ്റുകളിലൂടെ പ്രത്യേകിച്ച് 'കണ്ണൻദേവൻ'മലനിരകളിലൂടെ യാത്രചെയ്യുമ്പോൾ റോഡിനിരുവശവും പച്ചവിരിച്ച വൻ വൃക്ഷങ്ങളിൽ പൂത്തുനിൽക്കുന്ന ചുവന്ന പൂക്കൾ.മൂന്നാറിന്റെ ദൃശ്യഭംഗിയിൽ നിന്ന് കണ്ണെടുക്കുമ്പോൾ ഞങ്ങളുടെ മനസ്സിലുദിച്ച ചോദ്യം 'ഇനി മൂന്നറിലെന്ന്?' എന്നായിരുന്നു.അതിനുള്ള ഉത്തരവും കിട്ടി.2018 ൽ ഭാഗ്യമുണ്ടെങ്കിൽ ഈ 5 കുടുംബമും ഒരുമിച്ച് മൂന്നാറിലേക്ക് ഒരിക്കൽ കൂടി പോകും . 2018 എന്ന വർശം തെരഞ്ഞെടുക്കാൻ കാരണം , ഇനി മൂന്നാറിൽ നീലക്കുറിഞ്ഞി പൂക്കുന്നത് അന്നാണ്.ഇനി 2018 വരെയുള്ള നീണ്ടകാത്തിരുപ്പ്

അർച്ചന.എസ് 4-1-2019


# എൻ പ്രാണൻ



നിലാവുള്ള രാവിൽ  ഞാൻ
മയങ്ങാതെ ഓർത്തു എൻ
പ്രാണനെവിടെ മാഞ്ഞു
രാപ്പകലില്ലതെ ഓർക്കുന്നു
എൻ പ്രാണനാഥ നിന്നെ

ഒരു വട്ടം കൂടി എൻ ജീവിതം
നിനക്കായ് സമർപ്പിക്കുന്നു
നിലാവുള്ള രാത്രിയിൽ
ഈ പനിനീർപ്പൂവ് വിരിയുമങ്കിൽ
നിനക്കായ് എൻ സ്നേഹം മാറ്റിവെയ്ക്കുക

ഓർക്കുന്നു ഞാൻ ഒരു നിമിഷം
നാം ഒന്നു ചേരും അ നിമിഷം
ഒർക്കുന്നവോ നീ ഒർക്കുന്നവോ
നിൻപ്രണസഖിയേ
നിലാവുള്ള രാവിൽ ഞാൻ
മയങ്ങാതെ കിടന്നു.



ഇളജോസ്

കഥ

## ആദിയയും കുട്ടി ഭൂതവും

പണ്ട് അറേബ്യ ഭരിച്ചിരുന്നത് മാലിക് എന്ന സുൽത്താനായിരുന്നു. കൊട്ടാരത്തിന്റെ കുറച്ചകലെയായി ആദിയ എന്നൊരു പെൺകുട്ടി താമസിച്ചിരുന്നു. ആദിയയ്ക്ക് അച്ഛനും അമ്മയും ഉണ്ടായിരുന്നില്ല. വലിയമ്മയുടെ വീട്ടിലാണ് അവളുടെ താമസം . വലിയമ്മയ്ക്കും അവരുടെ മക്കൾക്കും ആദിയയെ ഒട്ടും ഇഷ്ടമല്ലായിരുന്നു. വീട്ടുജോലികൾ ചെയ്യിക്കാനാണ്അവർ ആദിയയെകൂടെ താമസിപ്പിക്കുന്നത്. അങ്ങനെയിരിക്കെ കൊട്ടാരത്തിൽ ഒരു സംഭവമുണ്ടായി. കുളിത്തൊട്ടിയിൽ നിന്ന് തിളച്ചവെള്ളം തെറിച്ച് സുൽത്താന്റെ മുതുകിൽ വീണ് പൊള്ളലേറ്റു. പൊള്ളലേൽക്കാൻ കാരണക്കാരനായ പരിചാരകനെ സുൽത്താൻ തടവറയിലാക്കി. സുൽത്താന്റെ സ്വഭാവം ആകെ മാറി. അദ്ദേഹം കാണുന്നവരോടെല്ലാം ദേഷ്യപ്പെടാൻ തുടങ്ങി. സ്വന്തം പടത്തലവനെത്തന്നെ സുൽത്താൻ തടവിലാക്കി! അതും ഒരു നിസ്സാരക്കുറ്റത്തിന് ഇതോടെ മന്ത്രിക്ക് ആകെ പേടിയായി. ഇങ്ങനെ പോയാൽ തന്റെ കാര്യവും പോക്കാണ്! സുൽത്താന്റെ മുത്തച്ഛൻ വളരെ അറിവുള്ളയാളാണ് കൊട്ടാരത്തിൽ നിന്ന് അകലെയാണ് അദ്ദേഹത്തിന്റെ താമസം. മന്ത്രി മുത്തച്ഛന്റെ അടുക്കൽ എത്തി കാര്യമെല്ലാം പറഞ്ഞു. അദ്ദേഹം ഒരു പരിഹാരം നിർദ്ദേശിച്ചു. രാജ്യത്തെ ഏറ്റവും നല്ല നെയ്ത്തുകാരിയെകൊണ്ട് ഒരു കുപ്പായമുണ്ടാക്കി സുൽത്താന് നൽകുക! മന്ത്രി നാടാകെ അന്വേഷിച്ചു തുടങ്ങി. സുൽത്താന് കുപ്പായം നെയ്യുന്ന ജോലി ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. കുപ്പായം നന്നായില്ലെങ്കിൽ തലപോകില്ലെ! ഒടുവിൽ മന്ത്രി ആദിയ താമസിക്കുന്ന വീട്ടിലെത്തി. കേട്ടതും ആദിയയുടെ വലിയമ്മ സമ്മതിച്ചു! "ദാ, ഈ ആദിയ ഒന്നാന്തരം നെയ്ത്തുകാരിയ ഇവൾ സുൽത്താനുള്ള വസ്ത്രം നെയ്യും!" ആദിയയുട ശല്യം ഇതോടെ തീരും! അതായിരുന്നു വലിയമ്മയുടെ ഉള്ളിലിരിപ്പ്! പാവം ആദിയ! അവൾ ജീവിതത്തൽ ഇതുവരെ നെയ്തിട്ടില്ല. മന്ത്രി ആദിയയുമായി



കൊട്ടാരത്തിലെത്തി അവളെ ഒരു മുറിയിലാക്കി. എന്നിട്ട കല്പിച്ചു. "നാളെ പുലരുമ്പോൾ വസ്ത്രം തുന്നണം"നെയ്യാൻ വേണ്ടതെല്ലാം മുറിയിൽ ഒരുക്കിയിരുന്നു പാവം ആദിയ! അവൾ മുറിയുടെ വാതിലടച്ച് കരയാൻ തുടങ്ങി.പെട്ടെന്നൊരു ശബ്ദം: "കരയണ്ട. ഞാൻ സഹായിക്കാം! അവിടെയതാ ഒരു കുട്ടിഭ്രതം "എന്താ,എന്റെ സഹായവേണ്ടേ?"ഭ്രതംദേഷ്യപ്പെട്ടു."വേ....വേണം"ആദിയ പറുഞ്ഞു ഭ്രതം കൈവീശി. അതാ മുന്നിൽ ഭംഗിയുള്ള ഒരു വസ്ത്രം!സന്തോഷപൂർവം ആ വസ്ത്രം ആദിയ സ്വീകരിച്ചു.അന്നുമുതൽ ആദിയയും കുട്ടിഭ്രതവും കൂട്ടുകാരിയായി.രാജാവ് ആ വസ്ത്രം ധരിക്കുംകയും മുറിവ് വേഗം ഉണങ്ങുകയും ചെയ്തു. രാജാവ് ആദിയയെ ഭാര്യയാക്കി.





ബിൻസി.എം

കവിത

# ഓണം വന്നേ!



ഓണം വന്നോ, ഓണം വന്നേ
ഓലഞ്ഞാലികൾ പാടുന്നേ!
തിരുവോണത്തിന വട്ടകുട്ടൻ
ഓണച്ചന്തയൊരുങ്ങുന്നേ!

ഓണം വന്നോ ഓണം വന്നേ
ഓരോ തോടിയും പൂക്കുന്നേ!
ഓണപ്പൂവുകൾ തുള്ളാനുണ്ണികൾ
ഓടിച്ചാടി നടക്കുന്നേ



ഓണം വന്നോ,ഓണം വന്നേ
ഓണത്തുമ്പികൾ പാറുന്നേ
ഓണക്കോടികൾ വാങ്ങാനാളുകൾ
ഓരോ കടയും കേറുന്നേ!

ഓണം വന്നോ, ഓണം വന്നേ
ഓണനിലാവു പരക്കുന്നേ!
ഓണത്തപ്പനെ എതിരേറ്റീടാൻ
ഓണപ്പൂവിളി പൊങ്ങുന്നേ!

ആദി

കഥ

# കാലത്തിന്റെ മാറ്റം

പണ്ട് ഒരിടത്ത്ഒരുമുത്തശ്ശനംമുത്തശ്ശിയുംതാമസ്സിച്ചിരുന്നു.അവർക്ക് നാല് ആൺ മക്കൾ ഉണ്ടായിരുന്നു. ആ മക്കളെ അവർപൊന്നുപോലെയാണ് വളർത്തിനോക്കിയത് അവർക്ക് ആവശ്യമുള്ളത് എന്തും വാങ്ങി കൊടു - ക്കും.മക്കളോടു അവർ പറഞ്ഞു "നല്ലതുപോലെപഠിച്ചു നല്ല ജോലി വാങ്ങണം മക്കളെ"ആകാശങ്ങളെ പോലെയാണ് വർഷങ്ങൾ കടന്നുപോയത്.അവർ പട്ടണത്തിൽ പോയി ജോലി കിട്ടി ആദ്യത്തെ ശമ്പളം തന്റെ അച്ഛനും അമ്മയ്ക്കുംകൊടുക്കുമെന്ന് അവരുടെ മനസ്സിൽ തോന്നി.അവർ വീട്ടിൽ വന്നു ആ പണം കൈകളിൽ കൊടുത്തു.അവരുടെ കണ്ണുകളിൽ നിന്ന് മുത്തു പവിഴ- ങ്ങളെപോലെ ആനന്ദകണ്ണീർ പൊഴിഞ്ഞു കൊണ്ടിരുന്നു.കല്ല്യാണത്തിന് അവർ സ്വന്തമായി സുന്ദരികളെ കണ്ടുപിടിച്ചു.അങ്ങനെ കല്ല്യാണം കഴിച്ചു.അമ്മയും അച്ഛനും സന്തോഷിച്ചു. അവരുടെ ജീവിതം തുടങ്ങിയ സമയത്ത് അന്ന് കിട്ടിയ ശമ്പളം അമ്മയ്ക്കും അച്ഛനും കൊടുക്കാൻ അവർ മനസ്സു കാട്ടിയെങ്കിലുംഅവരുടെ ഭാര്യമാർ തയ്യാറായില്ല.അമ്മയ്ക്കും അച്ഛനും കൊടുത്തത് മതി എന്റെ കൈയ്യിൽ തന്നാൽ മതി എന്നു തുടങ്ങി അവരുടെ സ്വഭാവം മാറിക്കൊണ്ടിരുന്നു. മാതാവിനെയും പിതാവിനെയും അടിമകളെ പോലെയാണ് കണ്ടിരുന്നത്.അതാണ് ശരിയെന്നും സ്വന്തം മക്കളും കൂടെ നിന്നും അവർക്ക് ജീവിക്കാൻ വേണ്ടി ആ മാതാവിനെയും പിതാവിനെയും ആ വീട്ടിൽ നിന്നും ഇറക്കിവിട്ടു.ആ സമയത്ത് പ്രകൃതിയുടെ ഭംഗി നഷ്ട്ടപ്പെട്ടതുപോലെ നിൽക്കുന്നു. അതിൽ ഒരു മരത്തിൽ നിന്നും ഇലകൾ പൊഴിയുന്നതുപോലെയാണ് അവരുടെ ജീവിതം. അവർക്കും ഒരിടത്തും ആശ്രയവും കിട്ടിയില്ല.അവർ ആരെയും ബുദ്ധിമുട്ടിക്കാതെ അനഥാലയത്തിൽ പോയി ജീവിച്ചു.ആ മക്കൾക്ക് മക്കൾ ഉണ്ടായി.അവർ വളർന്നു വലുതായി.തന്റെ മാതാ

പിതാവിനുംവന്നസ്ഥിതിവരുമെന്നുഅവർചിന്തിച്ചില്ല.ചിന്തിച്ചിരുന്നെങ്കിൽഅവർഅതു ചെയ്യില്ലായിരുന്നു.ഇപ്പോൾ തനിക്കു അതുപോലെയാണ് സ്ഥിതി.മക്കൾ മാതാവിനെ-യും പിതാവിനെയും പിണക്കിയാലും എന്നും അവർക്കുടെയുണ്ടാകും.ഇത് തിരിച്ചറിഞ്ഞവർ സ്വയം ജീവനൊടുക്കി.തന്റെ മക്കൾ ചെയ്യുമ്പോൾ മാത്രമാണ് അത് മനസ്സിലാവുക.

ഈ കഥയിൽ നിന്നും മനസ്സിലാകുന്ന ഇത്ര മാത്രം

"താൻ താൻ ചെയ്യുന്ന പാപം താൻ താൻ തന്നെ അനുഭവിച്ചിടുന്നു.

ഇതിന്റെ ഗുണപാഠം: നമ്മുടെ അച്ഛനമ്മമാരെ നമ്മൾ ദൈവത്തിനു തുല്ല്യമായി കാണുക. ഇല്ലെങ്കിൽ നമ്മൾ ചെയ്യുന്ന തെറ്റിന്റെ ഫലം നമുക്കു തന്നെ തിരിച്ച് എത്തുന്നു.



സാന്ദ്ര.എസ്

കവിത

# കാലത്തിന്റെ ഓർമ്മകൾ

**ഞാൻ ഓർക്കുന്നു എൻ ജീവിതത്തിന്റെ**

ചട്ടുലതാളങ്ങളെ മധുര സുഗന്ധങ്ങളെ
ഞാൻ എന്റ മുറ്റത്ത് നട്ടുനനച്ചിരുന്ന
തേന്മാറും തേന്മാവ്.........
അതിൽ ഇലകൾ കുളിർത്തു വരുന്നതും
വേരുകൾ തഴച്ചു വളരുന്നതുമെല്ലാം
എന്റെ ഓർമകളിൽ സുഗന്ധ പൂരിതമാക്കുന്നു.
ആദ്യത്തെ മാമ്പൂ വിരിഞ്ഞതും എന്റെ മനസ്സിൽ
ആയിരം പൂക്കൾ വിരിയും പോലെ
ആയിരം പൂക്കൾ ആ തേന്മാവിൽ നിൽക്കും പോലെ
എനിക്ക് ആനന്ദം നിറച്ച ആ ഓർമ്മ
ഇന്നും മനസ്സിന് കുളിരോർമ്മ നൽകുന്നു.
പുലരിയിലെ ഇളം വെയിലിൽ ആ ഇളം തെന്നലിൽ
ആ പൂങ്കുലകൾ മധുരമൂറുന്ന മാമ്പഴമായിമാറി
അതെനിക്ക് ഓർമ്മകളുടെ സുഗന്ധമായിമാറി.....



അനഘ.പി



ജി.എച്ച്.എസ് അഴീക്കൽ



യാത്രാവിവരണം


# സുഗന്ധമുള്ള യാത്രാ ഓർമ്മകൾ

വളരെ ദൂരെ കാലങ്ങൾക്ക് ശേഷമാണ് ശ്രീയും കുടുംബവും ഒരു യാത്രനടത്തുന്നത്. ഊട്ടി,കൊടേക്കനാൽ, നീലഗിരി തുടങ്ങിയ സ്ഥലങ്ങളിലേക്ക് ആയിരുന്നു. അച്ഛനും അമ്മയും ഒരു വർഷമായ് പിണങ്ങി പിരിഞ്ഞ് ജീവി-ക്കുകയായിരുന്നു. അത് ശ്രീയ്ക്ക് വിഷമമുണ്ടാക്കി. പഠനത്തിലും മറ്റും അവൾക്ക്ശ്രദ്ദിക്കാനെ കഴിഞ്ഞില്ല .കുട്ടികളുമായി കളിക്കാനോ ചിരിക്കാ-നോ  കഥകൾപറയാനോ ഒന്നും അവൾക്ക് താൽപ്പര്യംപ്രകടിപ്പിച്ചിരു- ന്നില്ല. ശ്രീയുടെ പഴയ കളിയും ചിരിയും നഷ്ട്പ്പെടുന്നതായി ശ്രിയുടെ കൂട്ടുക്കാരി ഗൗരിക്ക്തോന്നി ഗൗരി എത്ര ചോദിച്ചിട്ടും ഒന്നും തന്നെയില്ല എന്നു പറഞ്ഞ് അവൾ ഒഴിഞ്ഞ് മാറിക്കൊണ്ടെയിരുന്നു.ഗൗരിയും മറ്റ് കൂട്ടുകാരികളും കൂടി ഈ വിവരം അധ്വാപകയോട് പറഞ്ഞു.അധ്വാപികശ്രിയെ വിളിച്ച് കാര്യം അന്വഷിച്ചു അവൾ മനസ്സ് തുറന്നു "എന്റെ അച്ഛനും അമ്മയും പിണങ്ങി പിരിഞ്ഞു താമസിക്കുകയ്ണ്.എനിക്ക് എന്റെ അച്ഛനെയും അമ്മയെയും ഒരുമിച്ച് വേണം."അവൾ കരയാൻ തുടങ്ങി."മോള് വിഷമിക്കേണ്ട ഞാൻ അച്ഛനോടും അമ്മയോടുംപറയാം."ടീച്ചർശ്രീയെസമാധാനിപ്പിച്ചു.അച്ചനും അമ്മയും സ്കൂളിലെത്തി.അവരോട്ശ്രീയുടെ ടീച്ചർ സൗമ്യായി പറഞ്ഞു."നിങ്ങളുടെ മകൾ ഈ ഇടയായിട്ട്പഠനത്തിൽ ശ്രദ്ദിക്കാറില്ല അവളുടെ ഉത്സാഹമെല്ലാം കുറഞ്ഞു,കാരണംതിരക്കിയപ്പോൾ അച്ഛനും അമ്മയും പിണങ്ങിയത് മൂലമാണെന്ന് പറഞ്ഞു. ശ്രീയ്ക്ക്    വെറും10 വയസ്സേആയിട്ടുള്ളൂആകുട്ടിയെനിങ്ങൾ ഇങ്ങനെവിഷമിപ്പിക്കരുത.നിങ്ങൾഎത്രയുംപെട്ടെന്ന്ഒന്ന്ചേരണം..നിങ്ങളുടെഭാ വിഓർത്തെങ്കിലും."ഇത്രയും പറഞ്ഞ് ടീച്ചർ റൂം വിട്ട് ഇറങ്ങി.ശ്രീ അച്ഛന്റെയും അമ്മയുടെയും അടുത്തേക്ക് ചെന്നു.അവർ രണ്ട് പേരും ശ്രീയെകെട്ടിപ്പിച്ച് കരയാൻ തുടങ്ങി.അവൾ പറഞ്ഞു"അമ്മേ.......ഇനി പിണങ്ങല്ലെ........ നിങ്

ഇല്ലാതെ എനിക്ക് പറ്റില്ല." "ഇല്ല മോളെ ഇനി എന്നും നിന്റെ കൂടെ ഞാൻ കാണും"അച്ഛൻ കരഞ്ഞുകൊണ്ട് പറഞ്ഞു "ഊട്ടി എത്തിയെന്ന് തോന്നുന്ന നല്ല തണുപ്പ്"അമ്മശ്രീയ്ക്ക് കമ്പിളി പുതപ്പ് ഇട്ടു കൊടുത്തുകൊണ്ട് പറഞ്ഞു.അവർ മൂന്ന് പേരുംമഞ്ഞിന്റെ പുകയിലൂടെ കാഴ്ചകൾ കാണാൻ ഇറങ്ങി.ശ്രീ ഷൂസുംസോക്സും എല്ലാം ഊരി മാറ്റിയതിനു ശേഷം ആ ഇളം പുല്ലിലൂടെ നടന്നു.പുൽ നാമ്പിലെ തണുത്ത തുള്ളികൾ അവളുടെ കാലിൽ വന്നു തൊട്ടു.അവർ അങ്ങ-നെ നടന്ന് നടന്ന് പ്രകൃതിയുടെ വർണ്ണാഭമായ കാഴ്ചകൾ ഓരോന്നും കണ്ട് ദൂരേക്ക് മാഞ്ഞു പോയിക്കൊണ്ടെയിരുന്നു..................

അർച്ചന എസ്       14-11-2018

# സ്നേഹ ഭൂമി



അക്രമ  വിമുക്ത മീ ഭൂമി......
 അതിക്രമ വിമുക്ത മീ ഭൂമി.....
പുതു ജീവനാകുന്ന പുളകങ്ങളണിയുന്ന
പുതുജീവനുതകുന്ന ഭൂമി ഇതു മലയാള-
നാടിന്റെ ഭൂമി
(2)
അരുതു മനുഷ്യാ അരുതു നിന്നക്രമം
പുതു ജീവനേകുമി ഭൂമി പുതുജീവനേകുമി ഭൂമി
(അക്രമ വിമുക്തി)
ക്രൂരതകാട്ടും നാം ചൂഷണം ചെയ്യും നാം
പുതുജീവനേകുമീ ഭൂമി പുതുജീവനേകുനി ഭൂമി
(അക്രമ വിമുക്തി)
അറിയുമോ മനുഷ്യാ (2)
അവൾ തൻ മനസ്സിന്റെ നൊമ്പരങ്ങൾ
അവൾ തൻ മനസ്സിന്റെ നൊമ്പരങ്ങൾ
(അക്രമ വിമുകക്തി)
അവൾ ഭൂമി മാത്രമോ അറിയുമൊ
മാനുഷാ അവളീ പ്രപഞ്ച മാതാവ്....
അവളീ പ്രപഞ്ച മാതാവ്
(അക്രമ വിമുക്തി)



പിവിത്രജാനകി

# Mother



Mother is such
A special word
The loveliest
I've ever heard
A toast to you
Above all the rest
Mother, you're so special
You are simply
The best

Sandra. S

കവിത

# ചിത്രശലഭം

നീലിച്ചപൊട്ടുള്ള പാവാട ചുറ്റിയ
ചേലേറും പൂമ്പാറ്റ കുഞ്ഞേ

ആരു നിനക്കീ അഴകുള്ള മിന്നുന്ന
പാവാട തയ്പ്പിച്ചു തന്നു

എന്തു മിനുപ്പുള്ള പൊൻ പൂശിയ
ചന്തം നിറഞ്ഞപാവാട


ഇത്തരം പൂമ്പട്ടു വിൽപ്പനയ്ക്കെങ്ങുമേ
കിട്ടുവാനില്ലല്ലോ കഷ്ടം



ഗോവർദ്ധൻ.കെ

കവിത

# ഓർമകളുടെ സുഗന്ധം



അമ്മതൻ നെഞ്ചകത്തിൽ ചേർന്നു കിടന്ന നാളുകൾ
എന്നമ്മതൻ നിസ്വനം കേട്ട നാളുകൾ
എന്നമ്മതൻ കരങ്ങളാൽ ഭക്ഷണം വാരി തന്ന നാളുകൾ
എന്നമ്മതൻ ചുംബനം കിട്ടി വളർന്ന നാളുകൾ
മാഞ്ഞുപോയ് മാഞ്ഞുപോയ് ആ നല്ല നാളുകൾ
ഞാനിനി ആരുതൻ നെഞ്ചകത്തിൽ ചേർന്നുറങ്ങും
ആരു തൻ നിസ്വനം എന്നമ്മയ്ക്കൊപ്പമാകും
പെറ്റമ്മ തൻ കരങ്ങളാൽ നൽകുന്ന ഭക്ഷണത്തിൽ
രുചി പോറ്റമ്മ തൻ കരങ്ങളാൽ നൽകുന്നാലും മതിയാവില്ല
എന്നമ്മ തൻ ചുണ്ടുകൾ ചേർക്കുന്ന ചുംബനം
നറ്റാരും തന്നാൽ മതിയാവില്ല
മാഞ്ഞുപോയ് മാഞ്ഞുപോയ് ആ നല്ല നാളുകൾ
എന്നമ്മ തൻ ആ നല്ല സുഗന്ധം
എന്നമ്മ തൻ ഓർമയുടെ സുഗന്ധത്തിൻ നാളുകൾ



ദേവയാനി.ആർ

# വിളിപ്പേരുകൾ

| | |
|---|---|
| മഹാത്മാഗാന്ധി | മഹാത്മ. |
| ജവഹർലാൽ നെഹ്റു | ചാച്ചാജി. |
| സർദാർ വല്ലഭായ് പട്ടേൽ | ഉരുക്ക് മനുഷ്യൻ. |
| ഇന്ദിരാഗാന്ധി | ഇന്ത്യയിലെ ഉരുക്ക് വനിത. |
| സരോജിനി നായിഡു | ഇന്ത്യയുടെ വാനമ്പാടി. |
| ഖാൻ അബ്ദുൾ ഗാഫർ ഖാൻ | അതിർത്തി ഗാന്ധി. |
| ബാലഗംഗാധര തിലകൻ | ലോകമനുഷ്യൻ. |
| മാർഗ്രറ്റ് താച്ചർ | ലോകത്തെ ഉരുക്ക് വനിത. |
| കൊന്നത്ത് കൗണ്ട | ആഫ്രിക്കൻ ഗാന്ധി. |
| ജയപ്രകാശ് നാരായൻ | ലോക് നായകൻ. |
| നെൽസൺ മണ്ടേല | മഡിബ. |
| ആങ്ഡാൻ സൂ്യചി | ബർമ്മീസ് ഗാന്ധി. |
| ദാദാഭായി നവറോജി | ഇന്ത്യയുടെ വന്ധ്യവയോധികൻ. |
| Dr. s. രാധാകൃഷ്ണൻ | സെർവെപ്പള ബിൻസി.എം |

# സ്വപ്നം

സ്വരസ്വപ്ന  ഗാനം......ഗാനം......
സ്വപ്നങ്ങൾ  നിറയും മനസ്സിൽ
സ്വരസ്വപ്ന ഗാനം.....ഗാനം........
സ്വപ്നങ്ങൾ നിറയും ലോകം
സ്നേഹത്തിൻ പുതുസ്വപ്നം-
നിറയും മനസ്സ്
സ്നേഹം കിട്ടാൻ വേണ്ടി എത്രയോ-
കുഞ്ഞു മനസ്സുകൾ കരയുന്നു

കടലാസ് പേപ്പറിൽ കുറിച്ചുള്ള സ്വപ്നം
വർണ്ണലോകത്ത് സ്വപ്നഗാനമേ
എൻ   കൂടെ വരുമേനീ
സ്നേഹത്തിൻ പുതുസ്വപ്നം
നിറയും ലോകം
സ്വപ്നങ്ങൾ നിറയും വർണ്ണലോകം
സ്വപ്നങ്ങൾ നിറയും സ്നേഹത്തിൻ ഗാനം
സ്വപ്നങ്ങൾ നിറയും സ്നേഹത്തിൻ ഗാനം
സ്വരസ്വപ്ന ഗാനം......ഗാനം
സ്വപ്നങ്ങൾ നിറയും മനസ്സിൽ
സ്വരസ്വപ്ന ഗാനം.....ഗാനം
സ്വപ്നങ്ങൾ നിറയും ലോകം



അശ്വതി.



# PROVERBS



1. ACTION SPEAK LOUDER THAN WORKS

2. A JOURNEY OF A THOUSAND MILES BEGINS WITH A SINGLE STEP

3. A PICTURE IS WORTH A THOUSAND WORDS

4. BEGGARS CAN'T BE CHOOSES

5. CLEANLINESS IS NEET TO GODLINESS

6. DON'T FITE THE HAND THAT FEEDS YOU.

7.FORTUNE FAVORS THE BOLD

8.HOPE FOR THE BEST, PREPARE FOR THE WORST

9. PRACTICE MAKES PERFECT.

10.WHEN IN ROME, DO AS THE ROMANS DO

Anandha Krishnan

കവിത

# കളിവീട്



ഉണ്ടൊരു കൊച്ചു കളിവീട്

കുഞ്ഞുങ്ങൾക്കു കളിപ്പാനായ്

ചക്കര കൊണ്ട് ചുമരെല്ലാം

കൽക്കണ്ടത്താൽ തറയെല്ലാം

നല്ല കരിമ്പാൽ മേൽക്കൂര

മുറ്റം മുഴുവൻ പഞ്ചാര

ചാരത്തുണ്ടൊരു കൊച്ചരുവി

ചാടിത്തുള്ളും തേനരുവി



കാശിനാഥൻ 12-1-2019

# We See Leaves

We see orange,
We see brown
We see leaves,
on the ground.




We see Yellow,
We see red
We see leaves,
**above our head.**

Archana. S

കവിത

# കൂൺ



കണ്ടാൽ ഞാനൊരു കുടയാണേ

എന്നാൽ ഞാനൊരു കുടയല്ല

മണ്ണിൽ മുളയ്ക്കും കുടയാണ്

വെള്ളനിറത്തിൽ കുടയാണ്



തൊട്ടാൽ പൊട്ടും കുടയാണേ

മടക്കിവെക്കാൻ പറ്റില്ല


തവളക്കുട്ടന് കുടയാക്കാം

ഉണ്ണിക്കുട്ടന് കറിയാക്കാം

ടെൻസി.

കവിത

# തത്തമ്മ



തത്തേ തത്തേ പച്ചത്തത്തേ
തെങ്ങിൻ കൈയ്യിൽ ളുങ്ങും തത്തെ
താഴേക്കൊന്ന് വരാമൊ തത്തെ
താഴം പൂമൊട്ടാകാ മോ.....


തത്തേ തത്തേ പച്ചതത്തെ
അത്തികൊമ്പിൽ ളുങ്ങും തത്തെ
താഴെക്കൊന്നു വരാമോ തത്തെ
താഴം പൂമൊട്ടാകാമോ.....
മേരിക്കൊപ്പം പാപ്പം തരാം ഞാൻ
എണ്ണക്കൈയ്യിൽ മുത്തം നൽകാം
ചാരെത്തൊന്ന് വരാമൊ തത്തെ
താഴം പൂമൊട്ടാകാമോ

ആരതി. എസ്   1-1-2019



കവിത

## സ്ത്രീജന്മം



പെണ്ണായി പിറന്ന ഞാൻ
നരഭോജിയാം ഉലകിന്റെ വായിൽ
അറിയുന്ന ഞാൻ, കാണുന്ന ഞാൻ
എന്റെ ചുറ്റിലും നിറയുന്ന കണ്ണുകളെ
തീക്കനലെരിയുന്ന നോട്ടവുമായി
ചുറ്റും നിറയുന്ന ഭീകരതയെ.........
ഭയന്നോടുന്നു ചിലർ,
തകർന്നുതീരുന്നു പലർ
ഭയക്കരുതെ നാം, തകരരുതേനാം
നേരിടേണമീ മാർജാരവർഗത്തെ..
കണ്ണിന്റെ മൂടി തകർത്തൊന്നു നോക്കു
പെണ്ണും മനുഷ്യൻ, ആണും മനുഷ്യൻ
അരുന്നവർണ്ണത്തിലൊഴുകുന്ന
വെള്ളവും ഒന്നാണ് ഒന്ന്
പിന്നെയുമെന്തിന്, പിന്നെയുമെന്തിന്?
രാത്രിയെന്നോ പകലെന്നോയില്ലാതെ,
അമ്മയെന്നോ പെങ്ങളെന്നോ അറിയാതെ
ഇതാ, അവിടെയൊരു പെണ്ണിനെ
പിച്ചിച്ചീന്തിയെറിയുന്നൊരുത്തൻ.
പെണ്ണായിപ്പിറന്ന തെറ്റിന്നുടമയാം
അവൾക്കെന്തേയിവിടെ സുരക്ഷ...?
തെറ്റുകാരിയെ കീറിമാന്തിയ മാന്യനാം

ദുഷ്ടന്റെ കൈയ്യിലാണാ സുരക്ഷ..
അല്ലയോ നീതിന്യായ മഹാപീഠമേ....
ലജ്ജിക്കുന്നു ഞാൻ നിന്നെയോർത്ത്
വിലപിക്കുന്ന പെണ്ണിനുവേണ്ടി
ഒരിറ്റു കണ്ണീരു വീഴ്ത്താത്ത പുണ്യപീഠമേ..
ഒരു ജ്യോതിയും, ഒരു സൗമ്യയും പിറക്കാ -
തിരിക്കട്ടെ ഉലകിലിനിയൊരിക്കൽക്കൂടി..
പെണ്ണായി പിറന്നവളെ നിൽക്കൂ..
ഭയന്നോടുന്നതെങ്ങോട്ടുന്നീ?.
സ്ത്രീയുടെ കരുത്തോടെ നിൽക്കണം.
അരയിലെ വാളൂരിപ്പൊരുതുക നീ
നാളെ പിറക്കുന്ന പെണ്ണിന്നു വേണ്ടി.....
നാളെ പിറക്കുന്ന പെണ്ണിനു വേണ്ടി....



ബിൻസി.എം

കവിത

# സ്നേഹം



പുല്ലാംകുഴലിൽ നാദമെനിക്കൊരു
താരാട്ടായി പാടിതന്ന പുണ്യവതി
സ്നേഹത്താൽ നന്മതൻ പടവുകൾ
സർവ്വഥാ തീർക്കുമ്പോഴും
വാത്സല്യത്തിൽ നിധിയെനിക്കാ
നിറമനസ്സോടെ ഉറക്കുമ്പോഴും
പുനിലാവായി ചിരിക്കും ജീവതാരകം
കാണാതെ നിന്നു കരയുമ്പോളെന്നെ
നെഞ്ചോടു ചേർക്കുമാ വാത്സല്യനിധി
ജീവിതപാതയിൽ തളർന്നോരു നാളിൽ
കൈതാങ്ങു തന്നൊരു സുഹൃത്തമ്മ
വേദോപനിഷത്തുകൾ പറഞ്ഞുതന്നമ്മ
യെന്നുള്ളിൽ പ്രകാശിക്കുന്നുണ്ടിന്നും
നിലവിളക്കായ്, നിറദീപമായ്



കൃഷ്ണപ്രിയ

കവിത

# കളിക്കൂട്ടുകാരി



പിരിയുന്നുവോ നാം  അകലുന്നുവോ
ഇന്ന് വിടപറയാതെ നാം അകലുന്നുവോക
മനസ്സിന്ന് അറിയാതെ തേങ്ങുന്നുവോ
ഈ കളിക്കൂട്ടുകാരിയേ പിരിയേണമോ

മറക്കില്ല ഈ ജന്മം ഇന്നു നിന്നെ
ഞാൻ പിരിയാതെ കാണും എൻ
പ്രിയതോഴിയേ
പിരിയേണം എന്നു ചൊന്നു എൻ
ഹൃദയം
എന്നു അകലാതെ കൂടെ ഉണ്ട് എൻ
മനവും

ഒരിക്കലെൻ മനസ്സിന്റെ കോണിൽ അന്ന്
നീ ഇടം പിടിച്ച് അറിയാതെ പോലും അന്ന്
പിരിയില്ല നാം എന്നു അകലില്ല നാം
എന്നും അണയാത്ത ദീപമായി നീ ഇല്ലയോ

അർച്ചന എസ്,ഇളജോസ്

കവിത

# തീപ്പെട്ടി



കമ്പു നിറഞ്ഞൊരു പെട്ടി

കാണാൻ നല്ലൊരു പെട്ടി

പടം പുതച്ചൊരു പെട്ടി

നീളൻ ചതുര പെട്ടി

തീയുടെ പേരിൽ പെട്ടി

തീയില്ലാത്തൊരു പെട്ടി


തീയ് തരുന്നൊരു പെട്ടി

ഏതാണീച്ചെറു പെട്ടി



മഹേഷ്.എം 8-1-2019

കവിത



# പൂവും പൂമ്പാറ്റയും



പുള്ളിയുപ്പട്ട പൂമ്പാറ്റ

പറന്നു പറന്നു വന്നു

പൂക്കൾ തേടി പറന്നു

പനിനീർ പൂവിലിരുന്നു


പൂന്തേനെല്ലാംകുടിച്ചു

കാവ്യ 23-11-2018

**കവിത**

# പ്രഭാതം

ഈറനടുത്തണിഞ്ഞൊരുങ്ങി സൂര്യനെ
വരവേൽക്കൽ
പുലരപ്പെണ്ണിതാ കോവിലിൽ
തൊഴുതിറങ്ങി
ഹരിചന്ദനക്കുറി നെറ്റിയിൽ
തുളസീ ദല മുണ്ട് കുന്തലിൽ
ഹരിനാമ  ജപവുമായി പ്രദക്ഷിണം
വയ്ക്കുന്നു
ചേലേറിയ പീലി വിടർത്തിച്ചാലേ
ചാഞ്ചാടും മയിലേ
ദൂരേ വെൺ പുലരിയുണർന്നു
പോകാം വരവേൽക്കാൻ






അരവിന്ദ്

# Famous Scientists

CV Raman



Galileo



Sir Isaac Newton



Madame Curie



A. P. J. Abdul Kalam









# മികവിലൂടെ













ജി.എച്ച്.എസ് അഴീക്കൽ


Thank you